Malappuram District Police

## 30.06.2017 മേലാറ്റൂർ

ബാങ്കിൽനിന്നു വ്യാജ നികുതി രസീത് ഉപയോഗിച്ച് 1.89 കോടി രൂപ അനധികൃതമായി കാർഷിക വായ്പ നൽകാൻ സഹായിച്ച ഇടനിലക്കാരൻ അറസ്റ്റിൽ. എടയാറ്റൂരിലെ ചെട്ടിയാംതൊടിക ഇല്യാസ് (41) ആണ് അറസ്റ്റിലായത്. ഫെഡറൽ ബാങ്ക് ശാഖയിൽനിന്നു വ്യാജ നികുതി രസീതുമായി ഒട്ടേറെപ്പേർക്ക് കൃഷി വായ്പ നൽകാൻ ഇല്യാസ് ഇടനിലക്കാരനായി പ്രവർത്തിച്ചെന്നാണ് കേസ്. ഇയാളുടെ പേരിൽ 18 കേസുകൾ റജിസ്റ്റർ ചെയ്തു. പ്രതിയെ പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കേസുമായി ബന്ധപ്പെട്ട് ബാങ്കിന്റെ മുൻ മാനേജർ എം.എം. പോളിനെ നേരത്തേ അറസ്റ്റു ചെയ്തിരുന്നു.